LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ 542 മത്സ്യത്തൊഴിലാളികൾക്ക് വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ പട്ടിക 1 അനുബന്ധം (എ) ആയിചേർത്തിട്ടുണ്ട്.*

(ബി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ഭവന രഹിതരായ 396 മത്സ്യത്തൊഴിലാളികൾ ഫിഷറീസ് വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായത്തിനുള്ള അർഹതാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. പട്ടിക 2 അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്.*

(സി) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി (2014-15), മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി എന്നീ ഭവന നിർമ്മാണ ധനസഹായ പദ്ധതികളാണ് നിലവിലുള്ളത്.

(ഡി) സംസ്ഥാനത്തെ ഭവന രഹിതരായ 4990 മത്സ്യത്തൊഴിലാളികൾക്ക് കൂടി ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് 2015-16 സാമ്പത്തിക വർഷം 100 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കുന്നതാണ്. ടി പദ്ധതിയിൽ ആലപ്പുഴ ജില്ലയ്ക്ക് 800 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതാണ്.

(ഇ) ഓരോ ജില്ലയ്ക്കും അനുവദിക്കുന്ന യൂണിറ്റുകളുടെ 10 ശതമാനം ഗുണഭോക്താക്കളെയാണ് സർക്കാർ ക്വാട്ടയിൽ തെരഞ്ഞെടുക്കുന്നത്. സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് കൂടുതൽ ദുരിതം അനുഭവിക്കുന്നവരെയാണ് പ്രത്യേകമായി തെരഞ്ഞെടുക്കുന്നത്.

വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളുടെ സംരക്ഷണം

142 (2961) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം മത്സ്യങ്ങളുടെ മത്സ്യബന്ധനമാണ് നിരോധിച്ചിട്ടുള്ളത് ; പ്രസ്തുത മത്സ്യങ്ങളുടെ അനധികൃതമായ മത്സ്യബന്ധനം തടയുന്നതിന് നടത്തുന്ന പരിശോധനകൾ എന്തെല്ലാമാണ് ;

(സി) കടലിന്റെ അടിത്തട്ടിളക്കിയുള്ള മത്സ്യബന്ധനംമൂലം മത്സ്യസമ്പത്തും കടലിനടിയിലെ ജൈവസമ്പത്തും നശിപ്പിക്കപ്പെടുന്നതിനാൽ ഇത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളെ സംരക്ഷിക്കുന്നതിനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമായി തെരഞ്ഞെടുത്ത നദികൾ/തടാകങ്ങൾ എന്നിവിടങ്ങളിലായി മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. വംശനാശ ഭീഷണി നേരിടുന്ന ആറ്റുകൊഞ്ചിനെ പുനരധിവസിപ്പിക്കുന്നതിനായി Rehabilitation of Giant Fresh Water Prawn in Valapattanam River എന്ന ഒരു പദ്ധതി ഫിർമ മുഖേന കണ്ണൂർ ജില്ലയിലെ വളപട്ടണം പുഴയിൽ നടത്തിവരുന്നു.

(ബി) വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്ട് 1972 പ്രകാരം സ്രാവുകൾ, തിരികൾ തുടങ്ങിയ വിഭാഗത്തിൽപ്പെട്ട 10 സ്പീഷീസുകളെ പിടിക്കുന്നത് നിരോധിച്ചിട്ടുണ്ട്. മിസ് കേരള എന്നറിയപ്പെടുന്ന Puntius denisoni എന്ന മത്സ്യത്തെ പിടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കടൽ പട്രോളിംഗ് നടത്തി, നിരോധിത മത്സ്യങ്ങളെ പിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കാൻ തീരദേശ ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മത്സ്യസമ്പത്ത് സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ മത്സ്യങ്ങൾ ഏറ്റവും കൂടുതൽ പ്രജനനം നടത്തുന്ന മൺസൂൺ കാലത്ത് കടലിന്റെ അടിത്തട്ടിലെ ട്രോളിംഗ് ജൂൺ 15 മുതൽ ജൂലൈ 31 വരെ 47 ദിവസം എല്ലാ വർഷവും നിരോധിച്ചുവരുന്നുണ്ട്.

ജീവൻരക്ഷാ ബോട്ടുകൾ

143 (2962) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ രക്ഷിക്കുന്നതിനായി ഫിഷറീസ് വകുപ്പ് വാടയ്ക്ക് എടുത്ത ബോട്ടുകളാണോ ഉപയോഗിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly